(ബി) ഉൾനാടൻ മേഖലയിൽ നിലവിലുള്ള പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടത്തുവാനും അതുവഴി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാനും ഉദ്ദേശിക്കുന്നു.

മത്സ്യബന്ധന വികസന പദ്ധതികൾ

2 (1909) ശ്രീ. പി. ജെ. ജോയി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. പാലോട് രവി :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മത്സ്യബന്ധന വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) പുതിയതായി എവിടെയെങ്കിലും മത്സ്യബന്ധന തുറമുഖം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മത്സ്യബന്ധന തുറമുഖങ്ങളും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളും സ്ഥാപിച്ചുവരുന്നു. ചോംപാൽ, മോപ്പിളാബേ എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ 25-5-99-ൽ കമ്മിഷൻ ചെയ്തു.

(ബി) ഉണ്ട്.

(സി) മുതലപ്പൊഴി (തിരുവനന്തപുരം) പൊന്നാനി (മലപ്പുറം) തലായി (കണ്ണൂർ).

വിഴിഞ്ഞം കേന്ദ്രമാക്കി മൽസ്യക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനം

3 (1910) ശ്രീ. ബി. വിജയകുമാർ :
ശ്രീ. പാലോട് രവി :
ശ്രീ. എം. മുരളി :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം കേന്ദ്രമാക്കി മൽസ്യ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് കടലിലിറക്കി വിടുന്ന ഒരു പദ്ധതിക്ക് രൂപം കൊടുത്തിരുന്നുവോ ;

(ബി) ഈ പദ്ധതിയിലെ പങ്കാളികൾ ആരെല്ലാമായിരുന്നു ;

(സി) ഓരോ പങ്കാളിയും എന്തു തുകവീതം മുടക്കുവാനാണ് പരിപാടിയിട്ടിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly